Vol-II, N0.4
28-01- 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാന വാർത്തകൾ

01. കെ.ഇ.ആർ നിർദ്ദേശം: പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കും - ഐക്യ-ജാഗ്രതാ കമ്മീഷൻ
02. ആശുപത്രികളും നഴ്സിംഗ് സ്കൂളുകളും വരുതിയിലാക്കാൻ നീക്കം.
03. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൈപ്പിടിയിലൊതുക്കാൻ അനുവദിക്കില്ല: ബിഷപ് തട്ടുങ്കൽ
04. ചർച്ചയ്ക്കു സമയമായിട്ടില്ല എന്നു പറഞ്ഞതു പിന്നോട്ടുപോകലല്ല: മാർ പെരുന്തോട്ടം.
05. വിദ്യാഭ്യാസരംഗം രാഷ്ട്രീയവൽക്കരിക്കുന്നു - ഉമ്മൻചാണ്ടി
06. സ്വാശ്രയ എൻജി. മാനേജ്മെന്റുകൾ സ്വന്തമായി പ്രവേശം നടത്താൻ ഒരുങ്ങുന്നു.
07. സുവിശേഷവത്ക്കരണം തുടരേണ്ടത് സമൂഹത്തിന്റെ കടമ: ന്യൂൺഷ്യോ
08. ഭാരത സംസ്കാരത്തെ തള്ളിപ്പറയരുത്: കാതോലിക്കാ ബാവ

### 01. കെ.ഇ.ആർ നിർദ്ദേശം: പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കും - കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ

വളരെയധികം വിവാദങ്ങൾക്കും പ്രതിഷേധത്തിനും ഇടനൽകിയ കെ.ഇ.ആർ കരട് റിപ്പോർട്ട് വീണ്ടും അതേ രീതിയിൽ തന്നെ അവതരിപ്പിച്ചാൽ അത് പൊതു വിദ്യാഭ്യാസരംഗത്തെ തകർക്കുമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭിപ്രായപ്പെട്ടു. മാധ്യമങ്ങളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ട് അനുസരിച്ച് കെ.ഇ.ആർ പരിഷ്കരണ റിപ്പോർട്ടിന്റെ ലക്ഷ്യം പൊതുവിദ്യാഭ്യാസമേഖലയിലെ കയ്യേറ്റത്തിനും വിദ്യാഭ്യാസരംഗത്തെ രാഷ്ട്രീയവൽക്കരിക്കുവാനുമാണെന്ന് ആർക്കും തോന്നിപ്പോകുമെന്നും കമ്മീഷൻസെക്രട്ടറി പറഞ്ഞു.

വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഞ്ചായത്തുകളുടെ ഇടപെടൽ, എയ്ഡഡ് സ്കൂൾ അധ്യാപകരുടെയും ജീവനക്കാരുടെയും നിയമനം പി.എസ്.സി വഴി സ്കൂൾ മാനേജർമാർ നടത്തുക, എയ്ഡഡ് സ്കൂൾ അധ്യാപകരെ സസ്പെൻഡ് ചെയ്യാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകുക തുടങ്ങിയ കരട് നിർദ്ദേശങ്ങളിലെ വിവാദ വ്യവസ്ഥകൾക്ക് മാറ്റം വരുത്താതെ കെ.ഇ.ആർ പരിഷ്കരണ റിപ്പോർട്ട് അംഗീകരിക്കാനാവില്ല. വളരെയധികം പ്രതിഷേധത്തിന് ഇടയാക്കിയ കരട് നിർദ്ദേശങ്ങളിൽ വ്യക്തമായ മാറ്റം വരുത്തിക്കൊണ്ട് പൊതുജനാഭിപ്രായം മാനിക്കുവാനും ന്യൂനപക്ഷങ്ങളുടെ ആശങ്കകൾ ദുരീകരിക്കുവാനും പരിഷ്കരണക്കമ്മിറ്റി തയ്യാറാകണമെന്നു കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു. പൊതുവിദ്യാഭ്യാസരംഗത്ത് ഏറ്റവുമധികം സംഭാവന നൽകി വരുന്ന ക്രൈസ്തവ സഭയെ വിദ്യാഭ്യാസ പരിഷ്കരണക്കമ്മിറ്റിയിൽപ്പോലും ഉൾപ്പെടുത്താത്തത് വിരോധാഭാസമാണ്. സമുദായങ്ങളുടെയും സംഘടനകളുടെയും താൽപര്യങ്ങൾ മാനിച്ചുകൊണ്ടായിരിക്കും വിദ്യാഭ്യാസമേഖലയിൽ ഏതു പരിഷ്കരണവും നടത്തുകയെന്ന് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും പറയുന്നുണ്ടെങ്കിലും പലപ്പോഴും കാര്യങ്ങൾ വളരെ നിരാശാജനകമാണെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭിപ്രായപ്പെട്ടു.

**02. ആശുപത്രികളും നഴ്സിംഗ് സ്കൂളുകളും വരുതിയിലാക്കാൻ നീക്കം.**

(ദീപിക 17-01-2008)

ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളെ തകർക്കാനുള്ള ആസൂത്രിതനീക്കങ്ങൾക്കു പിന്നാലെ ആതുര ശുശ്രൂഷാ മേഖലയും പിടിക്കാൻ സർക്കാരിന്റെ ഗൂഢനീക്കം. കേരള നഴ്സസ് ആൻഡ് മിഡ് വൈഫറി കൗൺസിലിന്റെ ഭരണം പിടിച്ചെടുത്ത് നഴ്സിംഗ് സ്കൂളുകളും ആശുപത്രികളും വരുതിയിലാക്കാനുള്ള നീക്കമാണ് അണിയറയിൽ നടക്കുന്നത്. നഴ്സിംഗ് സ്കൂളുകളുടെ അംഗീകാരവും മറ്റും സംബന്ധിച്ച സുപ്രധാന തീരുമാനങ്ങളെടുക്കുന്ന സമിതിയാണ് കേരള നഴ്സിംഗ് കൗൺസിൽ. കേരള നഴ്സിംഗ് കൗൺസിലിൽ 92,000 രജിസ്റ്റേഡ് നഴ്സുമാർ അംഗങ്ങളാണ്. ഇവരിൽ ബഹുഭൂരിപക്ഷവും അറിയാതെ, നിയമവിരുദ്ധമായി കൗൺസിൽ പുന:സംഘടിപ്പിക്കാൻ കൊണ്ടു പിടിച്ചുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. 1953-നു ശേഷം കേരള നഴ്സിംഗ് പുന:സംഘടിപ്പിച്ചിട്ടില്ല. മാറി വരുന്ന സർക്കാരുകൾ നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളായിരുന്നു തുടർന്നു വന്നിരുന്നത്. എന്നാൽ ഇതു പുന:സംഘടിപ്പിക്കണമെന്നും കാലഹരണപ്പെട്ട ചട്ടങ്ങൾ തിരുത്തണമെന്നും ആവശ്യപ്പെട്ട് ട്രെയിൻഡ് നഴ്സസ് അസോസിയേഷൻ ലോകായുക്തക്ക് പരാതി നല്കിയിരുന്നു.

വിശദീകരണങ്ങൾ കേട്ടശേഷം 2007 നവംബർ രണ്ടിന് നഴ്സിംഗ് കൗൺസിൽ പുന:സംഘടിപ്പിക്കാൻ ലോകായുക്ത ഉത്തരവായി. പ്രത്യേക രജിസ്ട്രാർക്കു കീഴിൽ താൽകാലിക നഴ്സിംഗ് കൗൺസിലിനേയും ചുമതലപ്പെടുത്തി. എന്നാൽ ചട്ട പ്രകാരമുള്ള നടപടികൾ പൂർത്തിയാകും മുൻപ് പുന:സംഘടന നടത്താൻ സർക്കാർ നോട്ടിഫിക്കേഷൻ പൂർത്തിയാക്കി. ആശുപത്രി മാനേജ്മെന്റുകളുടെയും ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരുടെയും ശ്രദ്ധയിൽപ്പെടാതെയായിരുന്നു ഈ നീക്കങ്ങൾ. സി.പി.എം നിയന്ത്രണത്തിലുള്ള കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ ഏഴംഗസമിതിയിലേക്കുള്ള പാനൽ ഉൾപ്പെടെ ബാലറ്റ് തയാറാക്കി. ഫെബ്രുവരി എഴിനു മുമ്പ് രജിസ്ട്രേഡ് ഓഫീസിലോ നേരിട്ടോ വോട്ടു രേഖപ്പെടുത്തി കൗൺസിലിന്റെ സെനറ്റ് ഓഫീസിൽ എത്തിക്കണമെന്നാണ് നിർദ്ദേശം. രാജ്യത്തിനു പുറത്തും അന്യസംസ്ഥാനങ്ങളിലും കഴിയുന്നവർക്കൊന്നും ബാലറ്റ് പേപ്പർ ലഭിച്ചിട്ടില്ല. പഴയ വിലാസം മാറ്റം വന്നവർക്കും വിവാഹിതരായി നാടുവിട്ട നഴ്സുമാർക്കും ബാലറ്റ് ലഭിച്ചിട്ടില്ല. തന്നെയുമല്ല വ്യാജബാലറ്റുകൾ വ്യാപകമായി അടിച്ച് വോട്ട് ചെയ്യുന്നതായും ആരോപണമുണ്ട്. ഭരണം കയ്യാളുന്നവർ കരുതിക്കൂട്ടി തയാറാക്കിയ പാനലിനെതിരെ നാലുപേർ അടങ്ങിയ ബദൽ പാനൽ നിലവിലുണ്ട്. എന്നാൽ ഈ പാനലിനെക്കുറിച്ച് എറെപ്പേർക്കും അറിവില്ല. നഴ്സിംഗ് സ്കൂളുകളുടെ അംഗീകാരം, ഫീസ്, അഡ്മിഷൻ, ആശുപത്രികളുടെ നടത്തിപ്പ് എന്നിവയടക്കം നിരവധി കാര്യങ്ങളിൽ ഇടപെടാൻ അധികാരമുള്ള കൗൺസിലിന്റെ നിയന്ത്രണം പിടിച്ചെടുക്കാനാണ് ഇടതു പാനലിന്റെ ലക്ഷ്യമെന്ന് പറയുന്നു. കേരളത്തിലെ പ്രമുഖ ആശുപത്രികളുടെയും നഴ്സിംഗ് സ്കൂളുകളുടെയും ചുമതലക്കാരായ മാനേജ്മെന്റുകൾ ആശങ്കയോടെയാണ് പുതിയ നീക്കങ്ങളെ കാണുന്നത്.

**03. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൈപ്പിടിയിലൊതുക്കാൻ അനുവദിക്കില്ല: ബിഷപ് തട്ടുങ്കൽ**

(ദീപിക 17-01-2008)

സമുദായത്തിലെ പൂർവികർ ത്യാഗപൂർവം പടുത്തുയർത്തുകയും ഉത്കൃഷ്ടമായ വിദ്യാഭ്യാസ ശുശ്രൂഷയ്ക്കുവേണ്ടി പരിപോഷിപ്പിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ വിരുദ്ധ ലക്ഷ്യങ്ങൾക്കുവേണ്ടി തന്ത്രപൂർവം കൈപിടിയിലൊതുക്കുവാൻ ശ്രമിച്ചാലും ചെറുക്കുമെന്ന് കൊച്ചി മെത്രാൻ ഡോ. ജോൺ തട്ടുങ്കൽ മുന്നറിയിപ്പ് നല്കി. കേരള സർക്കാർ പുറത്തിറക്കിയിട്ടുള്ള കേരള പാഠ്യപദ്ധതി ചട്ടക്കൂട് എന്ന കരടുരേഖ വിശകലനം ചെയ്യുന്നതിനായി ഇടക്കൊച്ചി അക്വിനാസ് കോളേജിൽ സംഘടിപ്പിച്ച പഠനശിബിരത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേരളസമൂഹത്തിന്റെ വിദ്യാഭ്യാസ മണ്ഡലത്തിൽ കത്തോലിക്കാ സഭ ചെയ്തുവരുന്ന സേവനങ്ങളെ വിലയിടിച്ചു കാണിക്കുകയും വിദ്യാഭ്യാസം കച്ചവടമായി ചിത്രീകരിക്കുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണമെന്ന് കെ.ആർ.എൽ.സി.സി സെക്രട്ടറി ഫാ. സ്റ്റീഫൻ ജി. കുളക്കായത്തിൽ പറഞ്ഞു. ഡോ. എഡ്വേർഡ് എടേഴത്ത് സെമിനാർ ഉദ്ഘാടനം ചെയ്തു.

04. ചർച്ചയ്ക്കു സമയമായിട്ടില്ല എന്നു പറഞ്ഞതു പിന്നോട്ടുപോകലല്ല: മാർ പെരുന്തോട്ടം.

(ദീപിക 17-01-2008)

കെ.ഇ.ആർ പരിഷ്കരണം സംബന്ധിച്ചു മുഖ്യമന്ത്രിയുമായുള്ള ചർച്ചകൾക്കു സമയമായിട്ടില്ല എന്നു പറഞ്ഞത് അന്തിമറിപ്പോർട്ട് സമർപ്പിക്കാത്ത സാഹചര്യത്തിലാണെന്നു എയ്ഡഡ് സ്കൂൾ മാനേജ്മെന്റ്സ് കോ-ഓർഡിനേഷൻ കമ്മിറ്റി വ്യക്തമാക്കി. ഇതു ചർച്ചകളിൽനിന്നു പിന്നോട്ട് പോകലല്ലെന്നും കമ്മിറ്റിക്കുവേണ്ടി ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പ്രസ്താവനയിൽ പറഞ്ഞു. കെ.ഇ.ആർ പരിഷ്കരണ കമ്മിറ്റിയുടെ കരടുരേഖയിൽ അധ്യാപകനിയമനം പി.എസ്.സിക്ക് വിടാനുള്ള നിർദ്ദേശവും പഞ്ചായത്തുകൾക്ക് വിദ്യാലയനടത്തിപ്പിൽ പ്രാതിനിധ്യം കൊടുക്കാനുള്ള നിർദ്ദേശവും ഉണ്ടായിരുന്നു. അതുപോലെ സമിതിക്കു നൽകിയ ടേംസ് ഓഫ് റഫറൻസിലും ഇക്കാര്യങ്ങൾ കാണിച്ചിരുന്നു. ഇതിനോടുള്ള പ്രതികരണമായിട്ടാണ് ഇക്കാര്യങ്ങൾ അംഗീകരിക്കാനാവില്ല എന്ന നിലപാട് എല്ലാ തലങ്ങളിലും അറിയിച്ചതെന്നും പ്രസ്താവനയിൽ പറയുന്നു. തെറ്റായ നീക്കങ്ങളെ തിരുത്താൻ ബന്ധപ്പെട്ടവർക്കെല്ലാം കടമയുണ്ട് - ആർച്ച് ബിഷപ് ചൂണ്ടിക്കാട്ടി. കെ.ഇ.ആർ പരിഷ്കരണസമിതി ഇതുവരെ അന്തിമറിപ്പോർട്ട് സമർപ്പിക്കാത്തതിനാലും സമിതിയുടെ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുന്നില്ല എന്നു കൂടെക്കൂടെ പറയുന്നതുകൊണ്ടും മുഖ്യമന്ത്രിയുമായുള്ള ചർച്ചകൾക്കു സമയമായിട്ടില്ലെന്നും ഇതു ചർച്ചകളിൽനിന്നു പോകലല്ലെന്നും അദ്ദേഹം പറഞ്ഞു.

05. വിദ്യാഭ്യാസരംഗം രാഷ്ട്രീയവൽക്കരിക്കുന്നു - ഉമ്മൻചാണ്ടി (മാതൃഭൂമി 19-01-2008)

വിദ്യാഭ്യാസരംഗം രാഷ്ട്രീയവൽക്കരിച്ച് ബംഗാൾ മോഡൽ നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി പറഞ്ഞു. ഉന്നതവിദ്യാഭ്യാസരംഗം താറുമാറാക്കിയ ഇടതുമുന്നണി സർക്കാർ ഇപ്പോൾ പൊതുവിദ്യാഭ്യാസരംഗത്തെ തകർക്കാനാണ് ഒരുങ്ങുന്നതെന്നും അദേഹം ആരോപിച്ചു. കെ.എ.പി.ടി യൂണിയന്റെ സുവർണ്ണജൂബിലി സമ്മേളനം തൃശൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഉമ്മൻചാണ്ടി. വിദ്യാഭ്യാസരംഗത്തെ ചെറിയ തീരുമാനങ്ങൾപോലും അഭിപ്രായ സമന്വയത്തിലൂടെ മാത്രമേ നടപ്പാക്കൂ. തെറ്റായ തീരുമാനങ്ങൾ പിന്നീട് തിരുത്താൻ കഴിയുമെങ്കിലും വിദ്യാർത്ഥികൾ നേരിടുന്ന നഷ്ടം നികത്താനാവില്ല. കെ.ഇ.ആർ പരിഷ്കരണവും പഞ്ചായത്തുകൾക്ക് സ്കൂളുകൾ കൈമാറാനുള്ള തീരുമാനവും തിടുക്കത്തിൽ നടപ്പാക്കാൻ സർക്കാർ ശ്രമിച്ചെങ്കിലും ശക്തമായ പ്രതിഷേധത്തെ തുടർന്നാണ് പിൻവാങ്ങിയിരിക്കുന്നത് - ഉമ്മൻചാണ്ടി പറഞ്ഞു.

06. സ്വാശ്രയ എൻജി. മാനേജ്മെന്റുകൾ സ്വന്തമായി പ്രവേശനം നടത്താൻ ഒരുങ്ങുന്നു.

(മാതൃഭൂമി 19-01-2008 )

സ്വാശ്രയ എൻജിനീയറിംഗ് മാനേജ്മെന്റ് അസോസിയേഷന് കീഴിലെ, സംസ്ഥാനത്തെ 49 എൻജിനീയറിംഗ് കോളേജുകൾ സ്വന്തമായി പ്രവേശനം നടത്താൻ ഒരുങ്ങുന്നു. സംസ്ഥാന പൊതു പ്രവേശന പരീക്ഷ സംബന്ധിച്ച് നടപടികൾ പൂർത്തിയാവാത്തതും ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിച്ച് നൽകാത്തതുമാണ് ഈ നീക്കത്തിന് കാരണം. ഫീ റെഗുലേറ്ററി കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ച് കോളേജ് നടത്തിക്കൊണ്ടുപോകാൻ ആവശ്യമായ ഫീസ് ഘടന എൻജിനീയറിംഗ് കോളേജുകൾ സമർപ്പിച്ചിരുന്നു. ഇക്കൊല്ലത്തെ ഫീസ് നിശ്ചയിക്കുന്നത് സംബന്ധിച്ച് അനിശ്ചിതത്വം തുടരുന്ന പശ്ചാത്തലത്തിൽ ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് സമർപ്പിച്ച അതേ ഫീസ് ഘടന പ്രകാരം സ്വന്തമായി പ്രവേശനം നടത്താനാണ് നീക്കം. സംസ്ഥാന പൊതുപ്രവേശന പരീക്ഷാ നടപടിക്രമങ്ങൾ വൈകുന്നതിനാൽ സ്വന്തമായി പ്രവേശന പരീക്ഷ നടത്തുന്ന കാര്യവും അസോസിയേഷൻ ആലോചിക്കുന്നുണ്ട്.

അസോയേഷനിലെ 49 കോളേജുകളും ഫീ റെഗുലേറ്ററി കമ്മിറ്റി ആവശ്യപ്പെട്ട പ്രകാരം ഫീസ് ഘടന സമർപ്പിച്ച് ഒരു വർഷവും രണ്ടു മാസവുമായിട്ടും, ഫീസ് നിശ്ചയിച്ച് നൽകാത്തതുമാണ് സ്വന്തമായി പ്രവേശനം നടത്താൻ ആലോചിച്ചതിന് കാരണമെന്ന് അസോസിയേഷൻ പ്രസിഡന്റ് ജി.പി.സി. നായർ പറഞ്ഞു. ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിക്കാതെ സർക്കാരുമായി യാതൊരുവിധ ചർച്ചയും നടത്തേണ്ടെന്ന് അസോസിയേഷന്റെ കഴിഞ്ഞ ജനറൽ ബോഡി തീരുമാനമെടുത്തിരുന്നു. ഇതുമൂലം സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റിനെ പറ്റിയുള്ള അനിശ്ചിതത്വവും തുടരുകയാണ്.

സംസ്ഥാന പൊതു പ്രവേശന പരീക്ഷയ്ക്കുള്ള പ്രോസ്പെക്ടസ് അച്ചടിക്കാൻ നൽകിയിട്ടുണ്ടെങ്കിലും ഇത് അപൂർണമാണ്. ഫീസിനെക്കുറിച്ചോ സ്വാശ്രയകോളേജുകളിലെ സീറ്റിനെക്കുറിച്ചോ ഇതിൽ പരാമർശിച്ചിട്ടില്ല. കൊച്ചി സർവകലാശാലയുടെ ഭാവിയെച്ചൊല്ലിയുള്ള അനിശ്ചിതത്വം മൂലം സർവകലാശാലയുടെ പ്രവേശന പരീക്ഷയുടെ നടപടിക്രമങ്ങളും എങ്ങുമെത്തിയിട്ടില്ല. സ്വന്തമായി പ്രവേശനം നടത്താൻ അസോസിയേഷൻ തീരുമാനിച്ചാൽ കൊച്ചി സർവകലാശാലയുടെ പ്രവേശനപരീക്ഷ അനിശ്ചിതത്വത്തിലായതിന്റെ ഗുണം സ്വകാര്യ കോളേജുകൾക്ക് ലഭിക്കും. കഴിഞ്ഞ അധ്യയന വർഷം 1,800-ഓളം എൻജിനീയറിംഗ് സീറ്റുകളാണ് ഒഴിഞ്ഞു കിടന്നിരുന്നത്. ഇത്തവണ അതുണ്ടാവാതിരിക്കാനാണ് അസോസിയേഷന്റെ നീക്കം.

**07. സുവിശേഷവത്ക്കരണം തുടരേണ്ടത് സമൂഹത്തിന്റെ കടമ: ന്യൂൺഷ്യോ** (ദീപിക 20-01-2008)

ശിഷ്യൻമാർ ആരംഭിച്ച സുവിശേഷവത്കരണം തുടരേണ്ടത് സമൂഹത്തിന്റെ കടമയാണെന്ന് അപ്പസ്തോലിക് ന്യൂൺഷ്യോ മോസ്റ്റ് റവ. ഡോ. പെദ്രോ ക്വിന്താന. ചെറുപുഷ്പ മിഷൻ ലീഗ് വജ്ര ജൂബിലി സമാപന സമ്മേളനത്തിൽ സന്ദേശം നൽകുകയായിരുന്നു അദേഹം. സുവിശേഷവത്കരണം ദൈവിക പദ്ധതിയോടുള്ള കൂട്ടുചേരലാണ്. മിഷൻ പ്രവർത്തനം നടത്തുന്ന പ്രേഷിതർ ഇന്നു ഏറെ പീഢനങ്ങൾ സഹിക്കുന്നു. രക്തസാക്ഷികളുടെ ചുടുനിണമാണ് സഭയുടെ വളർച്ചയ്ക്ക് കാരണമെന്നും അദ്ദേഹം പറഞ്ഞു. വിദ്വേഷവും അക്രമവും ഇന്നു സമൂഹത്തിൽ വളർന്നു വരികയാണെന്നും ഇതിനെ നേരിടാൻ അംഗങ്ങൾ ക്രിസ്തുവിന്റെ ദൂതൻമാരായി മാറണമെന്നും സമ്മേളനം ഉദ്ഘാടനം ചെയ്ത മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പറഞ്ഞു.

ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന പ്രസിഡന്റ് ഡേവീസ് വെല്ലൂരാൻ അധ്യക്ഷത വഹിച്ചു. ബസേലിയോസ് മാർ ക്ലീമിസ് കതോലിക്കാബാവ അനുഗ്രഹ പ്രഭാഷണം നടത്തി. പുനലൂർ രൂപതാ ബിഷപ് റൈറ്റ് റവ. ഡോ. ജോസഫ് കരിയിൽ മിഷൻ സന്ദേശം നല്കി. ബത്തേരി ബിഷപ് ഗീവർഗീസ് മാർ ദിവന്നാസിയോസ് അനുമോദന പ്രഭാഷണം നടത്തി. ചടങ്ങിൽ മിഷൻ ലീഗ് സ്ഥാപക നേതാവ് പി.സി. എബ്രാഹം പല്ലാട്ടുകുന്നേലിനെ കേരള സഭാ രത്നമായി പ്രഖ്യാപിക്കുകയും വത്തിക്കാൻ പ്രതിനിധി കെ.സി.ബി.സിയുടെ അവാർഡ് സമ്മാനിക്കുകയും ചെയ്തു. ഫാ. ബെന്നി മുതിരക്കാലായിൽ, തോമസ് ഏറണാട്ട്, ഏലിക്കുട്ടി ഇടാട്ട്, ലിബിൻ കിങ്ങണം ചിറ എന്നിവർ പ്രസംഗിച്ചു. ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം സ്വാഗതവും ഫാ. ആന്റണി തെക്കേമുറി നന്ദിയും പറഞ്ഞു.

**08. ഭാരത സംസ്കാരത്തെ തള്ളിപ്പറയരുത്: കതോലിക്കാ ബാവ** (ദീപിക 21-01-2008)

വികസിത രാജ്യങ്ങളെ അനുകരിച്ച് ഉപരിപ്ലവമായ ആകർഷണീയതയുടെ പേരിൽ മഹത്തായ ഭാരത സംസ്കാരത്തെ തള്ളിപ്പറയരുതെന്ന് മലങ്കര കതോലിക്കാ സഭാ മേജർ ആർച്ച് ബിഷപ് മാർബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. പാശ്ചാത്യ ലോകമാണ് നല്ലതെന്ന കാഴ്ചപ്പാടാണ് എല്ലാവരെയും ബാധിച്ചിരിക്കുന്നത്. ഫാഷന്റെ പേരിൽ ദൈവനിഷേധവും മതനിഷേധവും മാതാപിതാക്കളുടെ സ്ഥാനത്തെ അംഗീകരിക്കാതിരിക്കലുമാണ് നടത്തുന്നതെന്നു കാതോലിക്കാ ബാവ പറഞ്ഞു.

ദൈവവിശ്വാസത്തിൽ അടിയുറച്ചു വളരാൻ സനാതന ഭാരത സംസ്കാരത്തിന്റെ പിൻബലത്തിലുള്ള വളർച്ചയാണ് സമൂഹത്തിന് വേണ്ടത്. കുടുംബങ്ങളിൽ നിന്ന് ദൈവസാന്നിധ്യം നഷ്ടപ്പെട്ടു പോകാതിരിക്കാൻ നാം ജാഗ്രത പാലിക്കണം. കരങ്ങൾ കൂപ്പുന്നതുപോലെ പാർശ്വങ്ങളിലേക്ക് കാരുണ്യപൂർവ്വം കരങ്ങൾ നീട്ടുമ്പോഴാണ് പ്രാർത്ഥനയും പ്രവർത്തിയും ഒന്നിക്കുന്നതെന്നും കാതോലിക്കാ ബാവ കൂട്ടിച്ചേർത്തു. കേളകം ലിറ്റൽ ഫ്ളവർ ദേവാലയത്തിന്റെ സുവർണ്ണ ജൂബിലി ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു കാതോലിക്കാ ബാവ.

ഝ ഝ ഝ